# മുദൂദിയും അറബി ഭാഷാ വിജ്ഞാനവും


## മുബാറക്ക് തിരൂർക്കാട്


ജമാഅത്തെ ഇസ്‌ലാമിയെയും മൗദൂദിയെയും സംബന്ധിച്ച് 'സൽസബീൽ' പ്രചരിപ്പിച്ചതിൽ എടുത്തുപറയുന്ന പ്രധാന കള്ളം മൗദൂദി സാഹിബിന് അറബി അറിയില്ല എന്നതാണെന്ന് കാരക്കുന്ന് അമീർ എടുത്തുപറയുന്നു. ഖുർആൻ വ്യാഖ്യാനമെഴുതിയ ഒരാളെ അറബി അറിയില്ലെന്ന് പറയുകയോ?

അറബി ഭാഷ കൈകാര്യം ചെയ്യാൻ അഖിലലോക പ്രസ്ഥാനമായ ജമാഅത്ത് സ്ഥാപകനും ഫൈസൽ അവാർഡ് ജേതാവുമായ അബുൽ അഅ്‌ലാ മൗദൂദിക്ക് കഴിഞ്ഞിരുന്നില്ല എന്നതിന് ഉമർ മൗലവി ഉന്നയിച്ച ഏതെങ്കിലും ഒരു വസ്തുത നിഷേധിക്കാൻ കാരക്കുന്നുകാരനോ മേരിക്കുന്നുകാർക്കോ പട്ടിക്കാട്ടു (ശാന്തപുരമെന്നല്ല യഥാർഥ പഴയ പേര്) കാർക്കോ കഴിഞ്ഞിട്ടുണ്ടോ? മൗലാനാ സാഹിബ് അറബിയിൽ എഴുതിയ ഒരു കൊച്ചു ലഘുലേഖ ജമാഅത്തുകാർ ഒന്നു കാണിച്ചുതന്നാൽ സംഗതി തീർന്നല്ലോ. സൽസബീൽ ചൂണ്ടിക്കാണിച്ച ആദ്യതെളിവ് അതാണ്. മൗദൂദി അറബി ഭാഷയിൽ ഒന്നും എഴുതിയതായി അറിവില്ല. മൗദൂദിയുടെ രചനകൾ ഉർദുവിലാണ്. അവ അറബിയിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കാൻ 'ദാറുൽ ഉറൂബത്ത്' എന്നൊരു സ്ഥാപനം തന്നെയുണ്ട് എന്ന് കെ.എം. മൗലവിയുടെ ശിഷ്യനായ ഉമർ മൗലവി തിരൂരങ്ങാടിയിലായിരുന്നപ്പോൾ തന്റെ ഗുരുനാഥനിൽ നിന്ന് കിട്ടിയ അറിവാണ്. കെ.എം. മൗലവി അറബി ലേഖനങ്ങൾ എഴുതി അറബി മാസികകളിലേക്കയക്കാറുണ്ടായിരുന്നു. ആ മാസികകളിൽ മൗദൂദിയുടെ ലേഖനങ്ങൾ അക്കാലത്ത് പ്രസിദ്ധീകരിച്ചിരുന്നുവത്രെ. അവ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കാൻ കെ.എം. മൗലവി കാരണമായിത്തീർന്നു. മൗദൂദി അറബിയിൽ വല്ലതും എഴുതിയിട്ടുണ്ടെങ്കിൽ അവ അയച്ചുതരണമെന്ന് മൗലവി കത്തയച്ചപ്പോൾ കിട്ടിയ മറുപടി അദ്ദേഹം ഉർദുവിലാണ് എഴുതാറെന്നും അവ അറബിയിലേക്ക് പരിഭാഷപ്പെടുത്താനായി മാത്രം 'ദാറുൽ ഉറൂബത്' എന്നൊരു സ്ഥാപനമുണ്ടെന്നും ആയിരുന്നു. മൗദൂദി സുഊദിയിലെത്തിയപ്പോൾ അദ്ദേഹം പങ്കെടുത്ത സദസ്സുകളിൽ ദ്വിഭാഷിയോടൊപ്പമാണ് സഞ്ചരിച്ചിരുന്നത്. പരിഭാഷപ്പെടുത്താൻ ആളുണ്ടാകുമെന്നർഥം. സൽക്കാരം സ്വീകരിച്ച സന്ദർഭത്തിൽ പോലും മറുപടിയായി രണ്ടു വാക്ക് അറബിയിൽ പറഞ്ഞതായി അറിവില്ല എന്നും സൽസബീൽ വ്യക്തമാക്കിയത് നിഷേധിക്കാൻ ജമാഅത്തുകാർക്ക് സാധിക്കുമോ? അറബിയിൽ പ്രസംഗിക്കുന്നത് പോകട്ടെ, നന്ദിവാക്ക് പോലും അറബിയിൽ പറയാനാവാതെ പരിഭാഷകനെ ആശ്രയിക്കേണ്ടിയിരുന്നോ മൗലാനക്ക്?

ഇതിനേക്കാൾ ഗുരുതരമായ ഒരു വിഷയംകൂടി സൽസബീൽ തെളിവായി ഉന്നയിച്ചിരുന്നു. അറബി ഭാഷയുടെ വ്യാകരണം-ഭാഷാ നിയമങ്ങൾ അറിയുന്ന ഒരാൾക്ക് സംഭവിക്കാൻ പാടില്ലാത്ത തെറ്റുകൾ മൗദൂദിക്ക് പറ്റി. സൂറ. മുഹമ്മദ് 35ൽ 'ഫലാതഹിനൂ വതദ്ഊ ഇലസ്സിൽ മീ' എന്ന ആയത്തിന് 'അതിനാൽ നിങ്ങൾ ദൗർബല്യം കാണിക്കരുത്, നിങ്ങൾ സന്ധിക്ക് ക്ഷണിക്കുകയുമരുത്, നിങ്ങൾ തന്നെയാണ് ഉന്നതന്മാർ എന്നിരിക്കെ' എന്നാണർഥം. അതിൽ മൗദൂദി 'വതദ്ഊ' എന്നതിന് 'നിങ്ങൾ ക്ഷണിക്കുക എന്ന് അർഥം നൽകി. 'ക്ഷണിക്കരുത്' എന്നത് 'ക്ഷണിക്കുക' എന്നായി മാറി. വിഷയം കിഴ്ക്കാംതൂക്കമായി മറിഞ്ഞു! അല്ലാഹു വിരോധിച്ച കാര്യം കൽപിച്ചതായിത്തീർന്നു! ഈ തെറ്റ് ചൂണ്ടിക്കാണിച്ച് കെ.എം. മൗലവി അക്കാലത്തു തന്നെ മൗദൂദിക്കെഴുതിയെങ്കിലും പരിഗണിക്കപ്പെട്ടില്ല. അബ്ദ് എന്നാൽ അടിമ, അബദ അടിമ വേല ചെയ്തു എന്നും ഇബാദത്ത് എന്നാൽ അടിമവൃത്തി എന്നുമാണല്ലോ വാദം. എങ്ങനെയുണ്ട് ഭാഷാ ഗവേഷണബുദ്ധി?!

ഈ പറഞ്ഞ കാര്യങ്ങളിൽ ഏതെങ്കിലുമൊന്ന് അമീറവർകൾക്ക് നിഷേധിക്കുവാൻ കഴിയുമോ? അറബി ഭാഷ കൈകാര്യം ചെയ്യാൻ മൗദൂദിക്ക് കഴിഞ്ഞിരുന്നില്ല എന്നതിന് സൽസബീൽ ഉന്നയിച്ച മൂന്ന് കാര്യങ്ങൾ (ദാറുൽ ഉറൂബത് എന്ന സ്ഥാപനം, ഒരു നന്ദിവാക്ക് അറബിയിൽ പറയാൻ കഴിയാതിരുന്നത്, മുഹമ്മദ്-35 ആയത്തിന് നിരോധിച്ചത് കൽപിച്ചതാക്കി അർഥമെഴുതിയത്) ഇല്ലാത്ത കാര്യങ്ങളാണെന്ന് തെളിയിക്കട്ടെ.

അതല്ല, മരിച്ചവർ തിരിച്ചുവന്ന് പ്രതിഷേധിക്കില്ല എന്ന് കാരക്കുന്നവർകൾ എഴിതിയത് പോലെയാണെങ്കിൽ പിന്നെ നിവൃത്തിയില്ല. പക്ഷെ, കാലം ചിലതൊക്കെ തെളിയിക്കും എന്നോർക്കുന്നത് നന്ന്. കള്ളങ്ങൾ എഴുതിവിടുന്നതാരാണെന്നും ബുദ്ധിയുള്ളവർ മനസ്സിലാക്കും എന്നെങ്കിലും അമീറും അനുയായികളും വിസ്മരിക്കാതിരിക്കട്ടെ! ഇതെഴുതുന്നയാളുടെ ഒരു വ്യാമോഹം മാത്രമാണിത്!

'മൗദൂദിയുടെ ഖബ്റിനെപ്പോലും 'സൽസബീൽ' വെറുതെ വിട്ടില്ല. അത് കെട്ടിപ്പൊക്കിയിട്ടുണ്ടെന്നും അവിടെ ചന്ദനത്തിരി കത്തിച്ചുവെച്ചിട്ടുണ്ടെന്നും വരെ കള്ളം പ്രചരിപ്പിച്ചു' എന്ന് ആരാമത്തിൽ അസിസ്റ്റന്റവർകൾ എഴുതിയത് കാണാം. ഖബ്റിന്മേൽ പൂവിതളുകൾ-വെബ്സൈറ്റെങ്കിലും നോക്കിക്കൂടായിരുന്നോ?

ഉമർ മൗലവി പാക്കിസ്ഥാനിൽ സന്ദർശനം നടത്തിയതിന്റെ വിവരണം സൽസബീലിൽ എഴുതിയിരുന്നു. അഹ്ലെ ഹദീഥ് നേതാക്കളെ സന്ദർശിച്ചതും കോഴിക്കോട് ജെ.ഡി.റ്റി. ഇസ്ലാം യതീംഖാനയും മറ്റും സ്ഥാപിച്ച ഖസൂരി അഹ്ലെ ഹദീഥ് നേതാക്കളുടെ പിൻമുറക്കാരെ കാണാൻ പോയതും മൗദൂദിയുടെ വീടും ഖബ്റും സന്ദർശിച്ചതും അവിടെ നേരിൽ കണ്ട കാര്യങ്ങളും അദ്ദേഹം എഴുതി. അക്കാലത്തു തന്നെ 'പ്രബോധന'ത്തിൽ അതിനെതിരെ വിമർശനവും നിഷേധവും വന്നു. അതിനെ പരാമർശിച്ചുകൊണ്ട് ഉമർ മൗലവി പ്രതികരിച്ചു. സംഗതികൾ ഉമർ മൗലവിയുടെ 'ഓർമകളുടെ തീരത്ത്' എന്ന ശ്രദ്ധേയമായ ആത്മകഥാ ഗ്രന്ഥത്തിൽ വന്നിട്ടുണ്ട്.

തെറ്റുകൾ പറ്റിയത് നന്ദിയോടെ, സന്തോഷത്തോടെ പരസ്യമായി തിരുത്തിപ്പറഞ്ഞ ഒരു ഒറ്റയാന്റെ ആത്മകഥാരചന ഇതുപോലെ കേരള സാഹിത്യ ചരിത്രത്തിൽ ശ്രദ്ധിക്കപ്പെട്ടിട്ടില്ല എന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. അപ്രകാരം ശ്രദ്ധിക്കപ്പെട്ട ഒരു ഗ്രന്ഥത്തിൽ മൗലാനാ മൗദൂദിയുടെ ഖബ്റിനെപറ്റി ഇത്തരത്തിൽ എഴുതപ്പെട്ടത് അമീറവർകൾക്ക് സഹിക്കാൻ സാധ്യമായിട്ടില്ലെങ്കിൽ അതിൽ അത്ഭുതപ്പെടാനൊന്നുമില്ല.

നിങ്ങൾ ശാഫിഈയോ ഹൻബലിയോ മാലികിയോ ഹനഫീയോ ബറേൽവിയോ ആരായാലും ഞങ്ങൾ നിങ്ങളെ സ്വാഗതം ചെയ്യുന്നു എന്നതാണിവരുടെ നയം. ആദ്യം പറഞ്ഞ നാലും മദ്ഹബുകളാണ്. ഏത് മദ്ഹബുകാരനും ജമാഅത്തിൽ ഇടമുണ്ട്. ഏത് ഭിന്നാഭിപ്രായവും കർമ്മരംഗത്തുണ്ടെങ്കിലും ജമാഅത്തുകാരനായിത്തീരാം. അഞ്ചാമത് പറഞ്ഞ ബറേൽവിക്കാരൻ പ്രശ്നമാണ്. ശിർക്കും ഖുറാഫാത്തും ചെയ്യുന്നവരെയാണ് ബറേൽവിക്കാർ എന്നു പറയുക. അല്ലാഹുവല്ലാത്തവരെ വിളിക്കാം, പ്രാർഥിക്കാം എന്ന് പറയുന്ന ഖുറാഫിക്കൂട്ടങ്ങളില്ലേ? അവരുടെ പഴയ ഉത്തരേന്ത്യൻ പേരാണ് ബറേൽവികൾ. മുഹ്യദ്ധീൻ ശൈഖിനേയും ബദ്രീങ്ങളെയും അജ്മീർ ഔലിയായേയും ചിശ്തിയേയും ഒക്കെ വിളിച്ച് പ്രാർഥിക്കാം എന്നും ജാറവും ദർഗയും വേണമെന്നും നേർച്ചയും വഴിപാടുകളും ഔലിയാക്കൾക്കാവാമെന്നും പറയുകയും അപ്രകാരം പ്രവർത്തിക്കുകയും ചെയ്യുന്ന ബറേൽവികൾക്കും ജമാഅത്തുകാരായിത്തീരാം. അവരുടെ രാഷ്ട്രീയ നിലപാടംഗീകരിച്ചാൽ മതി. കഴിഞ്ഞൊരു തെരഞ്ഞെടുപ്പുകാലത്ത് ജമാഅത്ത് കേരളത്തിൽ വിതരണം ചെയ്ത ഒരു നോട്ടീസോർക്കുന്നില്ലേ? നിങ്ങൾ ഏതു പാർട്ടിക്കാരനായാലും ഏതു മതാനുയായി ആയാലും നിങ്ങൾക്കൊരിടമുണ്ട് ഞങ്ങളിൽ എന്നാണതിലെഴുതിയിരുന്നത്. രാഷ്ട്രീയ പാർട്ടിയാകാനുള്ള ചവിട്ടുപടികളിലൊന്നായിരുന്നു ആ നീക്കമെന്ന് ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ.

കേരളത്തിൽ ഉൽപതിഷ്ണു വിഭാഗത്തിൽപെടുന്നുവെന്ന് കരുതപ്പെടുന്ന ജമാഅത്തുകാർ അന്ധവിശ്വാസ-അനാചാരങ്ങൾക്കെതിരാണെന്ന് വെപ്പ്. ഇസ്ലാഹീ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളുടെ ഫലമാണത് എന്ന് അവർ പോലും സമ്മതിക്കും. 'മുജ-ജമ'കൾ എന്നും 'വഹാബീ-മൗദൂദി' എന്നുമൊക്കെ ഖുറാഫികൾ കലങ്ങളായി ആക്ഷേപിക്കാറുണ്ട്. ശിർക്ക്-ഖുറാഫാത്തുകൾ ഒഴിവാക്കിയവരാണ് കേരളത്തിലെ ജമാഅത്തുകാർ എന്നാണ് പൊതുവെയുള്ള ധാരണ. കേരളത്തിന് പുറത്ത് ആ ധാരണയില്ലെന്നാണ് വിവരമുള്ളവരഭിപ്രായപ്പെടുന്നത്. അതാണ് ബറേൽവികൾക്കും തങ്ങളിൽ ഒരിടമുണ്ടെന്ന് ജമാഅത്തുകാർ പറയാൻ കാരണം. ആ നിലക്ക് ജാറമുണ്ടാക്കലും മറ്റുമൊന്നും വലിയൊരു വിഷയമാകാനിടയില്ല ഇന്ത്യൻ-കാശ്മീർ-പാക്കിസ്ഥാൻ ജമാഅത്തുകാർക്ക്. ഇവിടെ കേരളത്തിലെ ജമാഅത്തുകാർക്ക് അതൊക്കെ ശാഖാപരവും നിസ്സാരവുമാണെങ്കിലും തങ്ങളുടെ പിതാക്കൾ ശിർക്ക് ഖുറാഫാത്തുകൾ ഒഴിവാക്കിയവരായിരുന്നു എന്നതുകൊണ്ടും പിതാക്കളിൽ നിന്ന് അതൊക്കെയാണ് പരിചയിച്ചത് എന്നതുകൊണ്ടും ജാറങ്ങൾക്കെതിരായുള്ള ഒരു മനോഭാവം ബാക്കി നിൽക്കുന്നതുകൊണ്ടുമാവാം കാരക്കുന്നിന് ഈ ഖബ്ർ കെട്ടിപ്പൊന്തിക്കൽ, അവിടെ ചന്ദനത്തിരി കത്തിക്കൽ, പൂവിതറൽ ഇവയൊക്കെ എതിർപ്പുണ്ടായതും. അതാണല്ലോ മൗദൂദിയുടെ ഖബ്റിൻമേൽ അവയുണ്ടായിരുന്നുവെന്നതിനെ കളവാണെന്നെഴുതി വിട്ടതും.